# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1488 — 13.06.2014 ലെ മറുപടിക്ക്

**ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സിന്റെ പ്രവർത്തനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് പുനരുജ്ജീവിപ്പിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കാമോ ; | (എ) കേരള സർക്കാരിന്റെ 04.03.2014 തീയതിയിലെ G.O(Ms) No.65/2014/AD നമ്പർ ഉത്തരവ് പ്രകാരം കെ.എസ്.സി.ഡി.സി പുനരുജ്ജീവിപ്പിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻ പ്രകാരം ഫണ്ട് കണ്ടെത്താനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പുതിയതായി എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത നാളികേര കോംപ്ലക്സിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും മേൽനോട്ട ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ ആരാണെന്നും വ്യക്തമാക്കാമോ ; | (ബി) പുതുതായി പ്രതിദിനം 30 ടൺ കൊപ്ര സംസ്കരിച്ച് വെളിച്ചെണ്ണ ആക്കാനുള്ള ആധുനിക വെളിച്ചെണ്ണ മിൽ, ചിരട്ടപ്പൊടി നിർമ്മാണയൂണിറ്റ്, തേങ്ങാവെള്ളം സംസ്കരിക്കുന്നതിനുള്ള യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ട്. കോക്കനട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് ആണ് മേൽനോട്ട ചുമതല. |
| (സി) പ്രസ്തുത നാളികേര കോംപ്ലക്സിൽ പുതിയതായി എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് പേരും തസ്തികയും തിരിച്ച് വ്യക്തമാക്കാമോ ; ജീവനക്കാരെ നിയമിക്കുവാൻ സ്വീകരിച്ച മാനദണ്ഡം വിശദമാക്കാമോ ? | (സി) പ്രസ്തുത നാളികേര കോംപ്ലക്സിൽ നിലവിൽ ഒരു താൽക്കാലിക ജീവനക്കാരനായ സിപ്പർലാൽ എന്ന ആൾ മാത്രമാണ് ഇപ്പോൾ ജോലിയിൽ തുടരുന്നത്. |

സെക്ഷൻ ഓഫീസർ